# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.**4014** **20.07.2015** ൽ മറുപടിയ്ക്ക്

## നഗരങ്ങളിൽ ബഹുനില പാർക്കിംഗ് സംവിധാനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.പാലോട് രവി<br>ശ്രീ.കെ.എസ്.ശബരീനാഥൻ | | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) നഗരങ്ങളിൽ വാഹനങ്ങൾക്ക് ബഹുനില പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ മരാമത്ത് വകുപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;<br>(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ-ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;<br>(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;<br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (എ),<br>(ബി),<br>(സി),<br>&<br>(ഡി) | നഗരങ്ങളിൽ വാഹനങ്ങൾക്ക് ബഹുനില പാർക്കിംഗ് സംവിധാനം നിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് പദ്ധതികളൊന്നും രൂപീകരിച്ചിട്ടില്ല. എന്നാൽ ഗവണ്മെന്റ് സെക്രട്ടേറിയറ്റ് ക്യാമ്പസിനുള്ളിലെ വാഹന പാർക്കിംഗിനുള്ള രൂക്ഷമായ സ്ഥല പരിമിതി പരിഗണിച്ച് സെക്രട്ടേറിയറ്റ് മെയിൻ ക്യാമ്പസിൽ ദർബാർ ഹാളിന്റെ പുറകവശത്തായി ഒരു ബഹുനില കാർ പാർക്കിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് വേണ്ടി 26.09.2014 ലെ ജി.ഒ.(എം.എസ്) നം.270/2014/പൊ.ഭ.വ എന്ന ഉത്തരവ് പ്രകാരം 462 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിലുള്ള താൽക്കാലിക കെട്ടിടം പൊളിച്ച് മാറ്റി 5 നിലകളിലായി 240 കാറുകൾ പാർക്ക് ചെയ്യുന്നതിനുള്ള പദ്ധതിക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത സ്ഥലത്ത് പ്രവർത്തിച്ചു വരുന്ന ഓഫീസുകൾ സെക്രട്ടേറിയറ്റ് അനക്സ് II കെട്ടിടത്തിലേക്ക് മാറുന്ന മുറയ്ക്ക്, പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. സുരക്ഷയ്ക്ക് മുന്തിയ പരിഗണന നൽകി പൂർണ്ണമായും ഓട്ടോമാറ്റിക് സംവിധാനത്തിൽ പ്രവർത്തിക്കുന്ന രീതിയിലാണ് ബഹുനില പാർക്കിംഗ് സംവിധാനം രൂപകല്പന ചെയ്തിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**